# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.655 29/11/2018-ൽ മറുപടിക്ക്

### ആഢ്യൻപാറ ജലവൈദ്യുത പദ്ധതി

| | ചോദ്യം<br><br>ശ്രീ.പി.വി. അൻവർ | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | മലപ്പുറം ജില്ലയിലെ ആഢ്യൻപാറ ജലവൈദ്യുത പദ്ധതിയുടെ വൈദ്യുതോല്പാദനം ഉരുൾപൊട്ടൽ മൂലം നിർത്തിവെച്ചിരുന്നോ; എങ്കിൽ വൈദ്യുതോല്പാദനം എന്ന് മുതൽ പുനരാരംഭിക്കാനാകും; | (എ) | ഉരുൾപ്പൊട്ടലിൽ ആഢ്യൻപാറ പദ്ധതിയിൽ നിന്നുമുള്ള വൈദ്യുതോല്പാദനം നിർത്തി വെച്ചിരിക്കുകയാണ്. ഡിസംബർമാസം അവസാനത്തോടെ ഒരു മെഷീൻ പ്രവർത്തന സജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) | ആഢ്യൻപാറ ജലവൈദ്യുത പദ്ധതി അതിന്റെ പ്രഖ്യാപിത ലക്ഷ്യം കൈവരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയിൻ കീഴിൽ ഏതെല്ലാം മാസങ്ങളിലാണ് വൈദ്യുതി ഉൽപ്പാദനം നടന്നിട്ടുള്ളത്; | (ബി) | പദ്ധതി പ്രഖ്യാപിതലക്ഷ്യം 3.5 മെഗാവാട്ട് & 9.01 MU/year ആണ്. ഇതുവരെയുള്ള ശരാശരി ഉത്പാദനം 5 MU ആണ്. ഇവിടെ ജലലഭ്യതയനുസരിച്ചാണ് വൈദ്യുതി ഉത്പാദനം നടക്കുന്നത്. പ്രധാനമായും ജൂൺ മാസം മുതൽ ഡിസംബർ മാസം വരെയാണ് ഉത്പാദനം നടക്കുന്നത്. |
| (സി) | അടിക്കടിയുണ്ടാകുന്ന പ്രകൃതി ദുരന്തങ്ങൾ ഈ പദ്ധതിയെ കാര്യമായി ബാധിച്ചിട്ടുണ്ടോ; പ്രകൃതി ദുരന്തം മൂലം ഉണ്ടായ അറ്റകുറ്റ പണികൾക്കായി ഇതുവരെ എത്ര രൂപ സർക്കാരിന് അധിക ചെലവ് വന്നു; വ്യക്തമാക്കുമോ? | (സി) | അടിക്കടിയുള്ള പ്രകൃതി ദുരന്തങ്ങൾ ഈ പദ്ധതിയെ കാര്യമായി ബാധിച്ചിട്ടുണ്ട്. അറ്റകുറ്റ പണികൾക്കായി ഇതുവരെ 85 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ